**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4749** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കോൺട്രാക്ടർമാരുമായി ബന്ധമുണ്ടെന്ന ആരോപണത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിലെ അഴിമതി ഇല്ലാതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ സാങ്കേതികവും ഭരണപരവുമായ പ്രാരംഭ പ്രവർത്തനങ്ങൾ, നടത്തിപ്പ്, തുക നൽകൽ എന്നിവ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ സാങ്കേതിക സംവിധാനങ്ങൾ കൊണ്ടുവന്നതിനാൽ നടപടി ക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്താനായിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയർ ഏർപ്പെടുത്തിയത് വഴി പ്രവൃത്തികളുടെ നടപടികൾ കാര്യക്ഷമമാക്കുവാനും ടെൻഡർ, മെഷർമെന്റ്, ലെവൽസ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബിൽ എന്നിവ സമയബന്ധിതമായി തയ്യാറാക്കുന്നതിനും സാധിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന ഇ-മെഷർമെന്റ് ബുക്കിൽ യഥാസമയം കൃത്യമായ അളവുകൾ നിർബന്ധമായും രേഖപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റും ബില്ലും തയ്യാറാക്കുന്നതിനാൽ കരാറുകാരുടെ ബില്ലുമായി ബന്ധപ്പെട്ടുള്ള പരാതി കുറയ്ക്കുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്. പൊതുമരാമത്ത് ഓഫീസ് പ്രവർത്തനങ്ങൾ അഴിമതിരഹിതവും വേഗത്തിലുമാക്കുന്നതിനായി എമിലി, ഇ-ഓഫീസ് സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. ആഭ്യന്തര വിജിലൻസ് സംവിധാനത്തെ സുശക്തമാക്കിക്കൊണ്ട് വകുപ്പിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉയരുന്ന പരാതികൾ യഥാസമയം ഫലപ്രദമായി അന്വേഷിച്ച് പ്രവൃത്തികളുടെ ഗുണനിലവാരം ഉൾപ്പെടെ പരിശോധിച്ച് വീഴ്ചകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിലെ |

| | | | |
|---|---|---|---|
| | | | അഴിമതി സംബന്ധിച്ച പരാതികളിന്മേൽ വകുപ്പിലെ ആഭ്യന്തര വിജിലൻസ്, ധനകാര്യ പരിശോധനാവിഭാഗം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ അന്വേഷണം നടത്തി സമർപ്പിക്കുന്ന ശുപാർശകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന കോൺട്രാക്ടർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട പ്രവൃത്തിയുടെ പരിപാലന കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽ തന്നെ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി വകുപ്പ് മന്ത്രിയുടെ തൽസമയ ഫോൺ ഇൻ പരിപാടി, മൊബൈൽ ആപ്ലിക്കേഷൻ ആയ 'PWD 4U', ടോൾ ഫ്രീ നമ്പർ എന്നിവ വഴി പരാതി സ്വീകരിക്കൽ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനായി Mobile Automated Testing Lab- കൾ മൂന്ന് മേഖലകളിലായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും വേണ്ടി 05/01/2018 ലെ G.O.(MS).1/2018/PWD പ്രകാരം നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി, ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തി സമിതികളും രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് അഴിമതി കുറയ്ക്കാൻ സഹായകരമാണെങ്കിലും ജില്ലാതല സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലമാക്കുകയും ചെയ്യുന്നതു വഴി ഇക്കാര്യത്തിലെ പ്രഖ്യാപിത ലക്ഷ്യമായ അഴിമതി നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ